**നഗര ഗ്രാമസൂത്രണ വകുപ്പ്**
**നഗരാസൂത്രണ കാര്യാലയം, ആലപ്പുഴ**
ജില്ലാ ടൗൺ പ്ലാനറുടെ ഉത്തരവ്
*(ഹാജർ : ശ്രീമതി. ഇന്ദു വിജയനാഥ്)*

വിഷയം – നഗരാസുത്രണ കാര്യാലയം, ആലപ്പുഴ – മാവേലിക്കര നഗരസഭ – തഴക്കര വില്ലേജ് – **ആശുപത്രി കെട്ടിട നിർമ്മാണത്തിന്** – ലേ-ഔട്ട്, യൂസേജ് ഓഫ് പ്ലോട്ട് എന്നിവയുടെ അനുമതി നല്കി ഉത്തരവാകുന്നു.

പരാമർശം – 1. മാവേലിക്കര നഗരസഭാ സെക്രട്ടറിയുടെ 17/03/2020-ലെ ഇ 2-13566/19 നമ്പർ കത്ത്

2. മാവേലിക്കര ഗവ.ജില്ലാ ആശുപത്രി സൂപ്രണ്ടിന്റെ 25/05/2020 -ലെ ഡി-4568/19 നമ്പർ കത്ത്

**ഉത്തരവ് നമ്പർ TCPALP/350/2020-C/കെ.ഡിസ് തീയതി :29/05/2020**

ആലപ്പുഴ ജില്ലയിൽ മാവേലിക്കര നഗരസഭ പരിധിയിലുള്ള തഴക്കര വില്ലേജിൽ റീ-സർവ്വേ നമ്പർ 36/6-ൽ ഉൾപ്പെട്ട 2.73 ഹെക്ടർ വിസ്തീർണ്ണമുള്ള വസ്തുവിൽ നിലവിലുള്ള 9552.53 ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടത്തോടത്തിനടുത്ത് പുതതായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ 23545.47 ച.മീ. വിസ്തീർണ്ണവും ഉൾപ്പെടെ ആകെ 33098 ച.മീ. വിസ്തീർണ്ണവും FAR 1.10, കവറേജ് 32.74 ശതമാനവുമുള്ള ഗണം (C)ൽപ്പെട്ട **ആശുപത്രി കെട്ടിടം** നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുന്നതിനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ **മെഡിക്കൽ സൂപ്രണ്ട്**, മാവേലിക്കര ഗവ.ജില്ലാ ആശുപത്രി, തഴക്കര-യുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ K.M.B.R-1999 ചട്ടം 54(1) പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കെട്ടിടത്തിന്റെ ലേ-ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നല്കി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. അപേക്ഷകന്റെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, നിർമ്മാണാവകാശം, സർവ്വേ നമ്പറുകൾ, അളവുകൾ, വിസ്തീർണ്ണം എന്നിവ സംബന്ധിച്ച ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ ഈ ഓഫീസിൽ പരിശോധനാ വിധേയമാക്കിയിട്ടില്ല. ആയതിനാൽ KMBR 1999 ചട്ടം 11(1) പ്രകാരം ആയത് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥലപരിശോധന നടത്തിയും നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
2. യൂസേജ് ഓഫ് പ്ലോട്ട്, ലേ-ഔട്ട് അംഗീകാരം മാത്രമാണ് ഈ ഓഫീസിൽ നിന്നും നൽകുന്നത്. ഇത് ഒരു കെട്ടിട നിർമ്മാണാനുമതിയല്ല. ആയത് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും നിയമാനുസൃതം വാങ്ങേണ്ടതാണ്.
3. KMBR 1999 ചട്ടം 54(4) പ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അനുമതി വാങ്ങിയിരിയ്ക്കണം.
4. KMBR 1999 ചട്ടം 54(4a) പ്രകാരം ഫയർ ഫോഴ്സ് ഡയറക്ടറുടെയോ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ അംഗീകാരം വാങ്ങിയിരിയ്ക്കണം.
5. KMBR 1999 ചട്ടം 34(2) അനുസരിച്ചുള്ള പാർക്കിങ്ങ് സജ്ജമാക്കിയിട്ടുണ്ടെന്ന് നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
6. നിർദ്ദിഷ്ട ലേ -ഔട്ടിൽ ഡ്രെയിനേജിനുള്ള സൗകര്യം നല്കിയിരിയ്ക്കണം. പ്രസ്തുത ലേ-ഔട്ടിൽ നിന്നുള്ള ഡ്രെയിനേജ് (മഴവെള്ളം /മലിനജലം ) പരിസരവാസികൾക്ക് ദോഷമുണ്ടാകരുത്.
7. പ്രസ്തുത സ്ഥലത്ത നിർമ്മാണ നിയന്ത്രൾങ്ങൾ ഒന്നും ഇല്ല എന്ന് നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.

8. നിർദ്ദിഷ്ട നിർമ്മാണം മാക്സിമം ഫ്ലെഡ് ലെവലിനേക്കാൾ ഉയർന്ന ലെവലിൽ നിന്നും ആരംഭിയ്ക്കണം.
9. KMBR 1999 ചട്ടം 23(5) പ്രകാരം ഓവർഹെഡ് ഇലക്ട്രിക്കൽ ലൈനിൽ നിന്നും ആവശ്യമായ കുറഞ്ഞ അകലങ്ങൾ പാലിച്ചിരിയ്ക്കണം.
10. സുരക്ഷ പരിഗണിച്ച് പുതിയ നിർമ്മാണത്തെ നിലവിലുള്ള കെട്ടിടങ്ങളിൽ നിന്നും വേർതിരിയ്ക്കുന്ന ഫെൻസിങ് നല്കിയിരിയ്ക്കണം.
11. സൈറ്റ് പ്ലാനിൽ പൊളിച്ചുനീക്കുവാനുള്ളതെന്ന് കാണിച്ചിരിയ്ക്കുന്ന കെട്ടിടങ്ങൾ പൊളിച്ച് മാറ്റിയിരിയ്ക്കണം.
12. KMBR 1999 ചട്ടം 54(7) പ്രകാരം ദ്രവമാലിന്യ സംസ്ക്കരണ പ്ലാന്റ് പ്രസ്തുത പ്ലോട്ടിൽ സ്ഥാപിച്ചിട്ടുണ്ടെന്ന് നഗരസഭാ സെക്രട്ടറി ഉറപ്പ് വരുത്തിയിരിയ്ക്കണം.
13. KMBR 1999 ചട്ടം 54(8) പ്രകാരം പാഴ്ജലം പുന:ചംക്രമണം ചെയ്യുന്നതിനും പുനരുപയോഗിയ്ക്കുന്നതിനുമുള്ള പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
14. KMBR 1999 ചട്ടം 59(3)പ്രകാരം എസ്.ടി.പി.യ്ക്ക് ചുറ്റും മതിയായ സെറ്റ് ബാക്ക് ലഭ്യമാണെന്ന് നഗര സഭ സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
15. പ്രസ്തുത നിർമ്മാണം KMBR 1999 ലെ ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിയ്ക്കണം.

**അംഗീകരിച്ച ലേ-ഔട്ട് നമ്പർ – എൽ.എ 13/2020**

Signature Not Verified
Digitally signed by INDU VIJAYANATH
Date: 2020.05.29 16:21:56 IST
Reason: Approved

**ഇന്ദു വിജയനാഥ്**
**ടൗൺ പ്ലാനർ**
**ആലപ്പുഴ**

സ്വീകർത്താവ് :

സെക്രട്ടറി, മാവേലിക്കര നഗരസഭ ( സാക്ഷ്യപ്പെടുത്തിയ പ്ലാനുകൾ സഹിതം)

പകർപ്പ്

1. മെഡിക്കൽ സൂപ്രണ്ട്, മാവേലിക്കര ഗവ.ജില്ലാ ആശുപത്രി, തഴക്കര
2. ഓഫീസ് കോപ്പി
3. കരുതൽ ഫയൽ